# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 890 13.06.2012-ൽ മറുപടിയ്ക്ക്

### ചാത്തന്നൂരിലെ പ്രീമെട്രിക് ഹോസ്റ്റൽ

| ചോദ്യം<br>ശ്രീ. ജി.എസ്. ജയലാൽ | ഉത്തരം<br>ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇത്തിക്കര ബ്ളോക് പഞ്ചായത്തിന്റെ പരിധിയിൽ ചാത്തന്നൂരിൽ നിർമ്മാണം ആരംഭിച്ചിട്ടുളള പ്രീ മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്; | (എ) 12.01.2011 ലെ സ.ഉ. (സാധാ) നമ്പർ: 47/2011 പജ.പവ.വിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 67,86,423/- രൂപയുടെ (അറുപത്തിയേഴു ലക്ഷത്തി എൺപത്തിയാറായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം ഏത് ഏജൻസിയാണ് ഏറ്റെടുത്തിട്ടുളളതെന്നും എന്നത്തേക്ക് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന ഏജൻസിയാണ് നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുളളത്. 99% പണി പൂർത്തീകരിച്ചിട്ടുണ്ട്. 2013 ൽ നിർമ്മാണം പൂർത്തീകരിച്ച് ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) പ്രീ മെട്രിക് ഹോസ്റ്റലിന് ആവശ്യമായി വരുന്ന ഫർണീച്ചറുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | (സി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഹോസ്റ്റലിനു വേണ്ടിയാണ് കെട്ടിടം പണിയുന്നത്. പ്രീ മെട്രിക് ഹോസ്റ്റലിന്റെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുളളതിനാൽ കൂടുതലായി ഫർണീച്ചറുകൾ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന്റെ SCP വിഹിതത്തിൽ നിന്നും വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sali. KJ

സെക്ഷൻ ഓഫീസർ